## പതിമൂന്നാം കേരളനിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 234 — 30.11.2015-ൽ മറുപടിക്ക്

### എം.ബി. ബാലകൃഷ്ണന്റെ കൊലപാതകം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)** | **ശ്രീ. രമേശ് ചെന്നിത്തല**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) രണ്ട് വർഷം മുൻപ് തിരുവോണ ദിവസം കാസർകോട് ജില്ലയിലെ ഉദുമയിൽ സി.പി.ഐ. (എം) പ്രവർത്തകനായ എം.ബി. ബാലകൃഷ്ണനെ വെട്ടിക്കൊലപ്പെടുത്തിയ കേസിലെ എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ടോ ; അറസ്റ്റ് ചെയ്യപ്പെട്ട കോൺഗ്രസ്സ് പ്രവർത്തകർ ആരൊക്കെയാണെന്ന് വിശദമാക്കമോ ; | (എ) ഏഴാം പ്രതി ഒഴികെ ബാക്കി എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ട്.<br>1. പ്രജിത്ത് @ കട്ടാപ്പി, S/o. സുമതി<br>2. ശ്യാം മോഹൻ @ ശ്യാം, S/o. മോഹനൻ<br>3. സുരേഷ്. എ., S/o. കൃഷ്ണൻ<br>4. ശ്രീജയൻ. വി., S/o. കറവൻ<br>5. രഞ്ജിത്ത്, S/o. ശേഖരൻ<br>6. ഷിബു. കെ., S/o. കുഞ്ഞികേളൻ നായർ<br>7. അബ്ദുൾ മജീദ് @ മജീദ്, S/o. അബ്ദുള്ള |
| (ബി) സംഭവത്തിന്റെ ഗൂഢാലോചനയെക്കുറിച്ച് ഒളിവിൽ കഴിയുകയായിരുന്ന പ്രതി ഷിബു 16/9/2015 ന് വാർത്താ സമ്മേളനത്തിലൂടെ നടത്തിയ വെളിപ്പെടുത്തലുകൾ ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) വാർത്താ സമ്മേളനത്തിന് ശേഷം പുറത്തിറങ്ങി രക്ഷപെടാൻ ശ്രമിച്ച ഷിബുവിനെ നാട്ടുകാർ പിടിച്ച് പോലീസിൽ ഏൽപ്പിക്കുകയുണ്ടായോ ; | (സി) ഇല്ല. |

| | |
|---|---|
| (ഡി) വാർത്താ സമ്മേളനത്തിൽ പ്രതി ഷിബു നടത്തിയ വെളിപ്പെടുത്തലുകൾ എന്തെല്ലാമായിരുന്നു; ഷിബുവിന്റെ വെളിപ്പെടുത്തലുകളുടെയടിസ്ഥാനത്തിൽ, കൊലപാതകം ആസൂത്രണം ചെയ്തവർക്ക് എതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | (ഡി) 2013 സെപ്റ്റംബർ 16-ാം തീയതി തിരുവോണ നാളിൽ മാങ്ങാട് വെച്ച് എം.ബി. ബാലകൃഷ്ണൻ വധിക്കപ്പെട്ടത് കോൺഗ്രസ് ഉന്നത നേതാക്കളുടെ ഗൂഢാലോചനയുടെ ഭാഗമായിട്ടാണെന്നും ഡി.സി.സി. ജനറൽ സെക്രട്ടറി വി.ആർ. വിദ്യാസാഗർ, ശ്രീജയൻ, ഹർഷാദ് മാങ്ങാട് എന്നിവരുടെ നേതൃത്വത്തിൽ ഗൂഢാലോചന നടത്തി എന്നതാണ് ആരോപണം.<br><br>ഷിബുവിനെ ചോദ്യം ചെയ്തതിൽ ടിയാൻ 2 വർഷക്കാലം ഒളിവിൽ കഴിഞ്ഞതിലുള്ള മനോവിഷമത്തിൽ ടിയാന്റെ ലെറ്റർ പാഡിൽ എഴുതി, പാർട്ടി നേതൃത്വത്തോടുള്ള രോഷവും ടിയാന്റെ വിഷമങ്ങളും വിളിച്ച് പറഞ്ഞിട്ടുള്ളതാണെന്ന് വെളിവായിട്ടുണ്ട്. കൂടാതെ ടിയാന്റെ മൊഴിയും കേസിലെ ആറാം പ്രതിയായ തന്നെയും കേസിലെ ഏഴാം പ്രതിയായ മജീദിനെയും കുടുക്കുന്നതിനുവേണ്ടി കോൺഗ്രസ് നേതാക്കൾ ഗൂഢാലോചന നടത്തിയെന്നും ആരോപിച്ചിരുന്നു. അന്വേഷണത്തിൽ ടി ആരോപണങ്ങൾ കളവാണെന്ന് വെളിവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ